'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ എംപാനൽ ചെയ്യുന്നതിന് അനുമതി നൽകിയും ടിയാരുടെ വേതന വ്യവസ്ഥ നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.374/2020/LSGD തീയതി,തിരുവനന്തപുരം, 12/02/2020

---

പരാമർശം:- 1 സ.ഉ.(സാധാ)നം.304/2013/തസ്വഭവ തീയതി 04.02.2013

2 സ.ഉ.(സാധാ)നം.1587/2013/തസ്വഭവ തീയതി 17.06.2013

3 കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച 2019-20-ലെ വാർഷിക മാസ്റ്റർ സർക്കുലറിന്റെ ഖണ്ഡിക 7.12

4 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.12.2019, 25.01.2020 തീയതികളിലെ 2162/ഇ/2019/ആർ.ഇ.ജി.എസ് നമ്പർ കത്തുകൾ

5 സ.ഉ.(അച്ചടി)നം.81/2019/ഫിൻ തീയതി 09.07.2019

## ഉത്തരവ്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിർമ്മിക്കപ്പെടുന്ന ആസ്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സ്റ്റേറ്റ് ക്വാളിറ്റി മോണിറ്ററിംഗ് സെൽ രൂപീകരിക്കണമെന്ന് പദ്ധതിയുടെ മാസ്റ്റർ സർക്കുലറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പദ്ധതിയ്ക്ക് കീഴിലെ ക്വാളിറ്റി മോണിറ്റർമാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതും പരാമർശം (2) പ്രകാരം സംസ്ഥാനതല ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചിട്ടുള്ളതുമാണ്. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികയിൽ നിന്നും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെയാണ് സ്റ്റേറ്റ് ക്വാളിറ്റി മോണിറ്ററിംഗ് സെല്ലിൽ ഉൾപ്പെടുത്തേണ്ടതെന്ന് പരാമർശം (3) പ്രകാരം പുതുക്കിയ വ്യവസ്ഥ പുറപ്പെടുവിച്ച സാഹചര്യത്തിൽ ടി വ്യവസ്ഥ പ്രകാരം സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ എംപാനൽ ചെയ്യുന്നതിന് അനുവാദം നല്കണമെന്ന് പരാമർശം (4) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിന്നും വിരമിച്ചവരെ എംപാനൽ ചെയ്യുന്നതിനാൽ ദിവസ വേതനത്തിൽ നിയമിക്കപ്പെടുന്നവർക്ക് പരാമർശം (5) പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഏറ്റവും ഉയർന്ന ദിവസ വേതനമായ ₹1920/- യും കൂടാതെ സർക്കാർ ക്ലാസ് 1 കാറ്റഗറി ഉദ്യോഗസ്ഥന്റെ അർഹതയ്ക്കനുസൃതമായ ദിനബത്തയും യാത്രാ ചെലവ് തുകയും അവർക്ക് അനുവദിച്ച് നൽകേണ്ടതാണെന്നും മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരം 10 മുതൽ 15

വരെ ക്വാളിറ്റി മോണിട്ടർമാരെ എംപാനൽ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും കേരളത്തിന്റെ ഭൂമിശാസ്ത്രവും, സംസ്ഥാനത്ത് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ എണ്ണവും കണക്കിലെടുത്ത് സ്റ്റേറ്റ് ക്വാളിറ്റി മോണിട്ടർമാരുടെ എണ്ണം 5 പേരായി പരിമിതപ്പെടുത്താവുന്നതാണെന്നും മിഷൻ ഡയറക്ടർ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (3) നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, വിവിധ സർക്കാർ വകുപ്പ്/പൊതുമേഖലാ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ/അഗ്രികൾച്ചറൽ) തസ്തികയിൽ നിന്നും വിരമിച്ച പരമാവധി 5 പേരെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരായി എംപാനൽ ചെയ്യുന്നതിന് മിഷൻ ഡയറക്ടർക്ക് അനുവാദം നൽകി ഉത്തരവാകുന്നു. ഇപ്രകാരം എംപാനൽ ചെയ്യപ്പെടുന്നവർക്ക് പരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഒരു ദിവസത്തെ സൈറ്റ് വിസിറ്റിന് പ്രതിദിന ഓണറേറിയം 1,920/- രൂപ എന്ന നിരക്കിൽ ഒരു മാസം പരമാവധി 28,800/- രൂപ വേതനമായും കൂടാതെ സർക്കാർ ക്ലാസ്-1 കാറ്റഗറി ഉദ്യോഗസ്ഥന്റെ അർഹതയ്ക്കനുസൃതമായ ദിനബത്തയും യാത്രാ ബത്തയും തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനും അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BIJUKUTTAN.M.S

ADDITIONAL SECRETARY

പകർപ്പ്:മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.02.?8 11:30:06 IST
Reason: Approved

സെക്ഷൻ ഓഫീസർ